ഉൾനാടൻ മത്സ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

5(*35) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. എൻ. വാസവൻ :
ശ്രീ. എം. കെ. പുരുഷോത്തമൻ :
ശ്രീ. സി. കെ സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഉൾനാടൻ മത്സ്യോൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ഇതിന്റെ ഫലമായി ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ എന്തുമാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ട്;

(സി) മത്സ്യ കേരളം പദ്ധതിയുടെ ഭാഗമായി എത്ര മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു എന്ന് വെളിപ്പെടുത്തുമോ;

(ഡി) മത്സ്യ കർഷക ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഉൾനാടൻ മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) വിശദമാക്കാം. ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെ പറയും പ്രകാരമാണ്:

സംസ്ഥാനത്ത് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിന് രൂപീകരിച്ചിട്ടുള്ള മത്സ്യകർഷക ഏജൻസികൾ വഴി മത്സ്യ/ആറ്റുകൊഞ്ച്, ചെമ്മീൻ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് ഊർജ്ജിതമായി നടപ്പാക്കിവരുന്നു. കൂടാതെ കേരളത്തിലെ ലഭ്യമായ ജലസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വൈവിധ്യമാർന്ന ജലകൃഷി സമ്പ്രദായങ്ങൾ വഴി മത്സ്യ കൃഷിയും മത്സ്യോൽപ്പാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മത്സ്യകേരളം പദ്ധതി നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 10000 ഹെക്ടർ ജലപ്രദേശങ്ങളിൽ മൂന്ന് വർഷമായി ശുദ്ധജല/ഓരുജല മത്സ്യകൃഷി നടപ്പാക്കിവരുന്നു. ഇതിനു പുറമെ അഡാക്ക് മുഖേന കുട്ടനാടൻ പാടശേഖരങ്ങളിൽ നെൽകൃഷിക്കുശേഷം മത്സ്യകൃഷി നടത്തുന്ന ഒരു നെല്ലും ഒരു മീനും പദ്ധതിയും കോൾ നിലങ്ങളിൽ ആറ്റുകൊഞ്ച് കൃഷിയും നടപ്പാക്കിവരുന്നു. കൂടാതെ ആഗോളമാന്ദ്യത്തിന്റെ കെടുതിയിൽനിന്നും മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പദ്ധതിയുടെ ഭാഗമായി കുടുകളിലെ മത്സ്യകൃഷി നടപ്പാക്കിവരുന്നു. ടി പദ്ധതി പ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലായി 50 കൂടുകൃഷി യൂണിറ്റുകൾ വ്യക്തികൾ/സ്വയം സഹായ സംഘങ്ങൾ വഴി നടപ്പിലാക്കിവരുന്നു. വിദർഭ പാക്കേജ് വഴി മത്സ്യകൃഷി പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കിവരുന്നു. എൻ.എഫ്.ഡി.ബി. ധനസഹായത്തോടെ 7 റിസർവോയറുകളിൽ മത്സ്യ/ആറ്റുകൊഞ്ച് കൃഷി പാലക്കാട് ജില്ലയിൽ നടപ്പാക്കി. കൂടാതെ 16 റിസർവോയറുകളിൽകൂടി മത്സ്യകൃഷി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആർ.കെ.വി.വൈ. പ്രകാരം ആറ്റുകൊഞ്ച്/കരിമീൻ/ചെമ്മീൻ കൃഷിയും വിവിധ ജില്ലകളിൽ നടപ്പാക്കിവരുന്നു. കരിമീനിനെ സംസ്ഥാന മത്സ്യമായി പ്രഖ്യാപിക്കുകയും കരിമീൻ മത്സ്യസമ്പത്ത് പരിപോഷിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയും ചെയ്യുന്നു.

(ബി) ഉൾനാടൻ മത്സ്യോൽപ്പാദനത്തിൽ 1.26 ലക്ഷം ടൺ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) മത്സ്യകേരളം പദ്ധതിയുടെ ഭാഗമായി 2 ഘട്ടങ്ങളിലായി 106355292 ചെമ്മീൻകുഞ്ഞുങ്ങളെയും 111370 കരിമീൻ കുഞ്ഞുങ്ങളെയും 13825 കണമ്പ് കുഞ്ഞുങ്ങളെയും 44855662 മത്സ്യകുഞ്ഞുങ്ങളെയും 4144263 ആറ്റുകൊഞ്ച് കുഞ്ഞുങ്ങളേയും വിതരണം ചെയ്തു.

(ഡി) മത്സ്യകർഷക ക്ലബുകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്ന അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാർക്ക് പ്രോത്സാഹനമായി മാസം തോറും 2500 രൂപ വരെ പ്രതിഫലം നൽകിവരുന്നു. സംസ്ഥാനത്താകെ മെച്ചപ്പെട്ട പ്രവർത്തനം നടത്തി വരുന്ന തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യകർഷക ക്ലബുകൾക്ക് സ്വന്തമായി കെട്ടിടം, വല, പമ്പ് സെറ്റ്, ഫിഷ് ബൂത്ത് (വിൽപ്പന കൗണ്ടർ) തുടങ്ങി അടിസ്ഥാന സൗകര്യ വികസനം സാദ്ധ്യമാക്കുന്നതിനായി പരമാവധി 5 ലക്ഷം രൂപ വരെ ധനസഹായം അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ഇ) മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മത്സ്യകേരളം പദ്ധതി പ്രകാരം വിളവെടുക്കുന്ന മത്സ്യങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് അതത് പ്രദേശങ്ങളിൽ വിളവെടുപ്പ് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വേണ്ടത്ര പ്രചാരണം നടത്തുന്നതിനും ഡിമാന്റ് അനുസരിച്ച് മത്സ്യം പിടിച്ച് വിൽക്കുന്നതിനും മത്സ്യഫെഡിന്റെ കീഴിലുള്ള സംഘങ്ങളേയും ഇതര സംഘങ്ങളേയും മാർക്കറ്റിൽ ഇടപെടുവിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, അങ്ങ് മത്സ്യോൽപ്പാദനം വർധിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെല്ലാം അഭിനന്ദനാർഹമാണ്. പക്ഷെ ഉൾനാടൻ കായലോര മേഖലയിൽ കൂളവാഴ ശല്യം കാരണം മത്സ്യോൽപ്പാദനം നടത്താൻ നിർവ്വാഹമില്ലാത്ത സ്ഥിതിയാണുള്ളത്. അങ്ങയുടെ മറുപടികളിലെല്ലാം തന്നെ അത് നീക്കം ചെയ്യുന്നതിനാവശ്യമായ ഒരുപാട് പദ്ധതികൾ പ്രഖ്യാപിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

നടപ്പാക്കുമെന്ന് പറയുകയും ചെയ്യുന്നുണ്ടെങ്കിലും ഇപ്പോഴും അവയൊന്നും നടപ്പിലായിട്ടില്ല. അരൂർ ഒരു മത്സ്യ വിഭവ കയറ്റുമതി മേഖലയാണ്. അവിടെ ധാരാളം സ്രോതസ്സുകൾ ഉണ്ട്. അവ ഉപയോഗപ്പെടുത്താവുന്നതാണ്. അതിലേക്ക് ഒരു പദ്ധതി തയ്യാറാക്കുന്നതിന് പനങ്ങാട് ഫിഷറീസ് കോളേജിനെ ചുമതലപ്പെടുത്തുമോ?

ശ്രീ. എസ്. ശർമ്മ : സർ, കുളവാഴ നീക്കംചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ വിശേഷിച്ചും കുട്ടനാട് മേഖലയിൽ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന്റെ ടെണ്ടർ 21 കോടി രൂപയാണ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കുട്ടനാടൻ സമഗ്ര പാക്കേജിന്റെ ഭാഗമായി 21 കോടി രൂപ അനുവദിക്കുകയും പായൽ വാരി അത് വാല്യൂ ആഡഡ് ആയിട്ടുള്ള കമ്പോസ്റ്റ് വളമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ടെണ്ടർ ഉറപ്പിച്ചു. അതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുവരികയാണ്. ബഹുമാനപ്പെട്ട അരിഫ് ആ മേഖലയിൽ മത്സ്യം വളർത്തുന്നതിനുവേണ്ടി ഫിഷറീസ് കോളേജിനെ ചുമതലപ്പെടുത്താൻ കഴിയുമോ എന്ന് ചോദിച്ചു. അവിടെ ഇതിന്റെ പ്രോജക്ടിന്റെ സാധ്യതയെ സംബന്ധിച്ച് പഠിക്കാൻ ഡിപ്പാർട്ടുമെന്റിനെ ചുമതലപ്പെടുത്തി. അതിന് ഫിഷറീസ് കോളേജിന്റേയും കൂടി സഹായം തേടുന്നതാണ്.

ശ്രീ. വി. എൻ. വാസവൻ : സർ, മത്സ്യകൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിന് അങ്ങ് സ്വീകരിക്കുന്ന നടപടി അഭിനന്ദനാർഹമാണ്. ഒരു നെല്ലും ഒരു മീനും പദ്ധതി എന്റെ മണ്ഡലത്തിന്റെ പടിഞ്ഞാറൻ തീരങ്ങളിൽ നല്ല രൂപത്തിൽ നടക്കുന്നുണ്ട്. പള്ളം കേന്ദ്രീകരിച്ച് ഫിഷറീസിന്റെ ഒരു ഓഫീസ് ഫിഷ് ലാന്റിംഗ് സെന്ററായി വളർത്തിയെടുത്ത് ആ പ്രദേശത്ത് `ഒരു നെല്ലും ഒരു മീനും` പദ്ധതി കൂടുതൽ വികസിപ്പിക്കാൻ കഴിയുന്ന സാധ്യതയിലേക്ക് കൊണ്ടുവരാൻ കഴിയുമോ?

ശ്രീ. എസ്. ശർമ്മ : സർ, ഫിഷ് ലാന്റിംഗ് സെന്ററിനെ സംബന്ധിച്ച് സ്റ്റഡി നടത്തിക്കൊണ്ട് മാത്രമേ ഒരു നിലപാട് സ്വീകരിക്കാൻ സാധിക്കുകയുള്ളു. സ്റ്റഡി നടത്താൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

ശ്രീ. എം. കെ. പുരുഷോത്തമൻ : സർ, ഫിഷ് ഫാമുകളുടെ സ്ഥിതി ശോചനീയമാണ്. സ്വാഭാവികമായും ഫിഷ് ഫാമുകൾ നവീകരിക്കുന്നതിനുള്ള സ്റ്റെപ്പെടുക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. എസ്. ശർമ്മ : സർ, കേരളത്തിലെ എല്ലാ ഫിഷ് ഫാമുകളും നവീനവൽക്കരിക്കുന്നതിന് ഒരു പ്രോജക്ട് അനുവദിച്ചിട്ടുണ്ട്. അതനുസരിച്ച് ബഹുമാനപ്പെട്ട എം. കെ. പുരുഷോത്തമന്റെ മണ്ഡലത്തിൽ വരുന്ന ഞാറക്കൽ ഫിഷ് ഫാം നവീനവൽക്കരിക്കുന്നതിന് ആർ.കെ.വി.വൈ. പദ്ധതിയിൽപ്പെടുത്തി അംഗീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. സദാശിവൻ : സർ, സ്വാമിനാഥൻ പാക്കേജിൽ ഉൾപ്പെടുത്തി കുട്ടനാടൻ ജലാശയങ്ങളിൽ എന്തെല്ലാം പദ്ധതിയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? ഇപ്പോൾ അത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ശ്രീ. എസ് ശർമ്മ : സർ, സ്വാമിനാഥൻ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യമേഖലയിൽ പ്രധാനമായും ഗുണമേന്മയുള്ള മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യ സംഭരണം ഉറപ്പാക്കുന്നതിനും പര്യാപ്തമായ ഒൻപതോളം വരുന്ന ചെറുതും വലുതുമായിട്ടുള്ള സ്കീമുകളാണ് ഫിഷറീസ് സെക്ടറിൽ വരുന്നത്. അതിൽ മേജർ സ്കീം ആയി വച്ചിട്ടുള്ളത് മത്സ്യ സമ്പത്തിന്റെ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന, തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്ന, മത്സ്യസമ്പത്തിന്റെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന കുളവാഴ പോലെയുള്ള ഗൗരവമേറിയ പ്രശ്നങ്ങളാണെന്നാണ് പഠനത്തിൽ കണ്ടിട്ടുള്ളത്. അത് പരിഹരിക്കാനുള്ള ആദ്യ ഘട്ടം എന്ന നിലയ്ക്കാണ് കുളവാഴയെ നീക്കം ചെയ്തത്. ഒരു ആപത്തെന്ന നിലയ്ക്കാണ് കുളവാഴ ഇപ്പോൾ കാണുന്നത്. അതിനെ ഒരു സമ്പത്താക്കി മാറ്റിത്തീർക്കുന്നതിന് വാല്യൂ ആഡഡ് ആയിട്ടുള്ള പ്രോജക്ടിൽ വച്ചുകൊണ്ടുള്ള പ്രൊപ്പോസലാണുള്ളത്.

ശ്രീ. സി. എഫ്. തോമസ് : സർ, അങ്ങയുടെ മറുപടിയിൽ ഉൾനാടൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് പല നടപടികളും സ്വീകരിക്കുന്നതായി പറയുന്നു. ആറ്റുകൊഞ്ച്, കരിമീൻ, ചെമ്മീൻ മുതലായ നമ്മുടെ നാട്ടിൽ പരമ്പരാഗതമായിട്ടുണ്ടായിരുന്ന പലയിനം ഉൾനാടൻ മൽസ്യങ്ങൾക്കും, ഇപ്പോൾ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് പല പ്രാവശ്യം ചോദ്യം ഉന്നയിച്ചിട്ടുള്ളതാണ്. അതിന് എന്ത് നടപടി അങ്ങ് സ്വീകരിക്കും?

ശ്രീ. എസ്. ശർമ്മ : സർ, വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പലയിനം മത്സ്യങ്ങളുണ്ട്. അത്തരം മത്സ്യങ്ങൾ നമ്മുടെ സമ്പത്ത് സംരക്ഷിക്കുന്നതിന്റെ ഭാഗമായി കണ്ട് ഇത് എപ്രകാരം സംരക്ഷിച്ചെടുക്കാൻ കഴിയുമെന്നുള്ളത് ശാസ്ത്രജ്ഞൻമാരെല്ലാം അടങ്ങുന്ന ഒരു ടീമിനെ നിയോഗിച്ച് അവരുടെ അഭിപ്രായങ്ങളും കൂടി കണക്കിലെടുത്തുകൊണ്ടുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. ഇവിടെ കരിമീനിന്റെ കാര്യം പറയുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ ഗുജറാത്ത് ബെയ്സ്ഡായിട്ടുള്ള ഒരു ശാസ്ത്ര ഗവേഷണ കേന്ദ്രം നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ കരിമീൻ സംസ്ഥാന മത്സ്യമായി ആ സ്ഥാപനം അംഗീകരിക്കുകയും സംസ്ഥാന ഗവൺമെന്റിനോട് അവർ തന്നെ റെക്കമെന്റ് ചെയ്യുകയും ചെയ്തു. അവയുടെ സംരക്ഷണത്തിനും വളർച്ചയ്ക്കുംവേണ്ടി കൂടുതൽ മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുകയും ചെയ്തു. ഈ വർഷം പ്രത്യേകിച്ചുള്ള ഒരു കാമ്പയിനും നടത്തിയിട്ടില്ല. ഇതിന് സഹായകരമായ വിധത്തിൽ ഒരു സ്കീം ചെയ്തിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു)